(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

പോലീസ് സ്റ്റേഷനുകളുടെ പരിധി നിർണ്ണയത്തിലെ അശാസ്ത്രീയത

91. [91] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
* ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ പരിധി നിർണ്ണയത്തിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ഇല്ല. എന്നാൽ ചില പോലീസ് സ്റ്റേഷന്റെ പരിധി നിർണ്ണയത്തെ തുടർന്ന് ടി പോലീസ് സ്റ്റേഷനിലേക്കുള്ള ദൂരക്കൂടുതൽ സംബന്ധിച്ചും മറ്റും ലഭിച്ചിട്ടുള്ള പരാതി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ചാത്തന്നൂരിൽ ഡി. വൈ. എസ്. പി. ആഫീസ് സ്ഥാപിക്കാൻ നടപടി

92. [92] ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട ഡി. വൈ. എസ്. പി. ഓഫീസ് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയാമോ;

(സി) ടി ഓഫീസ് ഉടൻ പ്രവർത്തനമാരംഭിക്കാൻ വേണ്ട അനുബന്ധ കാര്യങ്ങൾ ഊർജ്ജിതമായി നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി) കൊല്ലം, പോലീസ് സബ് ഡിവിഷനിൽ നിലവിലുള്ള സർക്കിൾ ഓഫീസുകളും പോലീസ് സ്റ്റേഷനുകളും കണക്കിലെടുക്കുമ്പോൾ ചാത്തന്നൂർ ആസ്ഥാനമായി ഇപ്പോൾ പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കേണ്ട ആവശ്യകത ഇല്ല എന്നു തീരുമാനിച്ചു.

വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

93. [93] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാങ്കാംകുഴി കേന്ദ്രമാക്കി വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ഡി. ജി. പി. ഗവൺമെന്റിലേക്ക് നൽകിയത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) വെട്ടിയാർ പോലീസ് സ്റ്റേഷൻ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു; അവ ഏതെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ, ബി) ആലപ്പുഴജില്ലയിലെ മാങ്കാംകുഴി കേന്ദ്രമാക്കി വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഡി. ജി. പി. സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 7 പുതിയ പോലീസ് സ്റ്റേഷനുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ അനുവദിച്ചു.

1.	അയർകുന്നം	—	കോട്ടയം ജില്ല
2.	ആര്യംകോട്	—	തിരുവനന്തപുരം ജില്ല
3.	കമ്മന	—	തിരുവനന്തപുരം ജില്ല
4.	ഏനാത്ത്	—	പത്തനംതിട്ട ജില്ല
5.	ശ്രീകാര്യം	—	തിരുവനന്തപുരം ജില്ല
6.	വെള്ളയിൽ	—	കോഴിക്കോട് ജില്ല
7.	ഉദയംപേരൂർ	—	എറണാകുളം ജില്ല

LIBRARY ARCHIVES Kerala Legislative Assembly